Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2025/1421 (10) തീയതി: 02.04.2025

## സർക്കുലർ

**വിഷയം:-** **കൈറ്റ് - 2024-25 അദ്ധ്യയന വർഷത്തെ ഒന്നു മുതൽ ഒൻപത് വരെ ക്ലാസുകളിലെ വാർഷിക പരീക്ഷാ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ 'സമ്പൂർണപ്ലസ്'-ൽ രേഖപ്പെടുത്തലുകൾ വരുത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-

1. സർക്കാർ ഉത്തരവ് (കൈ) നം. 103/2024/GEDN തീയതി 16.08.2024.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.12.2024-ലെ DGE/8776/2024-QIP1 നമ്പർ സർക്കുലർ.
3. സർക്കാർ ഉത്തരവ് (കൈ) നം. 38/2025/പൊ.വി.വ തീയതി 03.03.2025.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.03.2025-ലെ DGE/11778/2023-QIP1 നമ്പർ സർക്കുലർ.
5. സ.ഉ. (സാധാ) നം. 2182/2025/GEDN തീയതി 22.03.2025.

പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി **'സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി'** നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും 2024-25 അക്കാദമിക വർഷം എട്ടാം ക്ലാസ് വർഷാന്ത്യ പരീക്ഷയ്ക്ക് സബ്ജക്ട് മിനിമം നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ സൂചന 4 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ കുട്ടികളുടെ സമഗ്രമായ വികാസം ലക്ഷ്യമിട്ട് ഓരോ വിദ്യാലയത്തിലും നടക്കേണ്ട പഠന പിന്തുണാ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സൂചന 2 പ്രകാരം പുറപ്പെടുവിക്കുകയും തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. ഒന്നു മുതൽ ഒൻപത് വരെ ക്ലാസുകളിലെ അർദ്ധവാർഷിക പരീക്ഷയിൽ ഓരോ വിദ്യാർത്ഥിക്കും ലഭിച്ച വിവിധ വിഷയങ്ങളിലെ സ്കോർ 'സമ്പൂർണപ്ലസ്'-ൽ അപ്‌ലോഡ് ചെയ്യുന്നതിനും കുട്ടികളുടെ പഠന പുരോഗതി ഡിജിറ്റൽ തെളിവുകളുടേയും ക്ലാസ് പ്രവർത്തനങ്ങളുടെ നേർക്കാഴ്ചകളുടേയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഓഫീസർമാർ അക്കാദമിക മോണിറ്ററിംഗ് നടത്തുന്നതിന് സൂചന 2 പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വർഷാന്ത്യ പരീക്ഷാ മൂല്യനിർണയ രീതിശാസ്ത്രം പരിഷ്കരിച്ച മാർഗരേഖ അംഗീകരിച്ച് സൂചന 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പ്രവർത്തന പദ്ധതിയുടെ മാർഗനിർദേശങ്ങൾ അംഗീകരിച്ച് സൂചന 5 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

'സമ്പൂർണപ്ലസ്'-ലെ രേഖപ്പെടുത്തലുമായി ബന്ധപ്പെട്ട നിർദേശങ്ങൾ കൈറ്റ് പുറപ്പെടുവിക്കുന്നതാണെന്ന് സൂചന 2 സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഒന്നു മുതൽ ഒൻപത് വരെ ക്ലാസുകളിലെ വാർഷിക പരീക്ഷാ മൂല്യനിർണയത്തിന്റെ സ്കോർ 'സമ്പൂർണപ്ലസ്'-ൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും – ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേയ്ക്ക്
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ഡയറ്റ് പ്രിൻസിപ്പാൾമാർക്കും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ

# സമ്പൂർണ പ്ലസ് - സ്കോർ എൻട്രി


## 2024- 25 Third Term പരീക്ഷയിലെ കുട്ടികളുടെ സ്കോറുകൾ സമ്പൂർണ പ്ലസ് പോർട്ടലിൽ രേഖപ്പെടുത്തുന്ന വിധം

---


സമ്പൂർണയിൽ പ്രഥമാധ്യാപകന്റെ ലോഗിനിലും **സമ്പൂർണ പ്ലസ്** പോർട്ടലിൽ അധ്യാപകരുടെ ലോഗിനുകളിലും പരീക്ഷകളുടെ സ്കോർ ചേർക്കുന്നതിനുള്ള സംവിധാനമുണ്ട് .

**അധ്യാപകരുടെ ലോഗിനുകൾ create ചെയ്യുന്ന വിധം**

പ്രഥമാധ്യാപകൻ സമ്പൂർണയിൽ ലോഗിൻ ചെയ്ത് 'Data Entry Users' എന്ന ഐക്കണിൽ ക്ലിക്ക് ചെയ്യുക .





തുടർന്ന് കാണുന്ന പേജിലെ New Data Entry User ബട്ടൺ ക്ലിക്ക് ചെയ്യുക




ഇവിടെ തുറന്നു വന്ന ജാലകത്തിലാണ് ഒരു ടീച്ചറുടെ ലോഗിൻ ഉണ്ടാക്കേണ്ടത് .

# സമ്പൂർണ പ്ലസ് - സ്കോർ എൻട്രി




ഒരു ടീച്ചറുടെ സമ്പൂർണ പ്ലസ് ലോഗിനാവശ്യമായ Username, First Name, Last Name, Password, Email എന്നിവ നൽകിയാണ് ലോഗിൻ ഉണ്ടാക്കേണ്ടത് . **Username നൽകുമ്പോൾ SchoolCode_ClassDivision എന്ന മാതൃകയിൽ നൽകുക .ഉദാഹരണമായി 40322 എന്ന സ്കൂളിലെ അഞ്ചാം ക്ലാസ്സിലെ A ഡിവിഷനിലെ അധ്യാപകന്റെ ലോഗിൻ 40322_5A ആയിരിക്കും. Create** ബട്ടൺ ക്ലിക്ക് ചെയ്തു ലോഗിൻ Save ചെയ്യുക .


ലോഗിനുകൾ ലിസ്റ്റ് ചെയ്യുന്നിടത്ത് **Edit allowed class** ലിങ്ക് ഉപയോഗിച്ച് ഓരോ അധ്യാപകർക്കും സ്കോർ എൻട്രി നടത്തേണ്ട ക്ലാസ്സുകളും ഡിവിഷനുകളും സേവ് ചെയ്യണം.

| | | | |
|---|---|---|---|
| 1 | [Username - 999022A2023, Status - Active ] | Inactivate | Edit allowed class |
| 2 | [Username - first, Status - Active ] | Inactivate | Edit allowed class |
| 3 | [Username - teacher1, Status - Active ] | Inactivate | Edit allowed class |

**അധ്യാപകർക്ക് സമ്പൂർണ പ്ലസ് പോർട്ടലിൽ ലോഗിൻ ചെയ്യാം.**

https://sampoorna.kite.kerala.gov.in:446/plus എന്ന ലിങ്ക് വെബ് ബ്രൗസറിൽ തുറക്കുക . Select User എന്ന സെലക്ഷൻ മെനുവിൽ TEACHER എന്ന ഓപ്ഷൻ തിരഞ്ഞെടുക്കുക . User name ഉം password ഉം നൽകി Submit ബട്ടൺ ക്ലിക്ക് ചെയ്യുക . ലോഗിൻ ചെയ്ത് വരുമ്പോൾ ഡാഷ്ബോർഡിൽ ഇടത് ഭാഗത്ത് കാണുന്ന **Mark Entry** എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക.

# സമ്പൂർണ പ്ലസ് - സ്കോർ എൻട്രി





പരീക്ഷയയുടെ പേര് **Third Term Exam 2024-25** എന്നത് സെലക്ട് ചെയ്യുക. സ്കോർ ചേർക്കേണ്ട **Class/Division, Subject** ഉം തിരഞ്ഞെടുത്ത് **Go** ബട്ടൺ ക്ലിക്ക് ചെയ്യുക . ഇപ്പോൾ ലിസ്റ്റ് ചെയ്യപ്പെട്ട കുട്ടികൾക്ക് അവരവരുടെ ഗ്രേഡുകൾ ചേർത്ത് **Save** ചെയ്യുക.

## സ്കോർ വിശകലന ചിത്രം ലഭിക്കാൻ

ഡാഷ്ബോർഡിൽ ഇടത് ഭാഗത്ത് കാണുന്ന **Exam Consolidation** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് Exam Type , Class എന്നിവ തിരഞ്ഞെടുക്കുക.

A A A ഐക്കണുകളിൽ ക്ലിക്ക് ചെയ്തു സ്കോർ വിശകലന ചിത്രങ്ങൾ കാണാം.




വലത് വശത്ത് കാണുന്ന pdf icon ക്ലിക്ക് ചെയ്ത് കുട്ടികളുടെ ഗ്രേഡ് വിവരങ്ങൾ അടങ്ങുന്ന pdf download ചെയ്യാവുന്നതാണ് .

# സമ്പൂർണ്ണ പ്ലസ് - സ്കോർ എൻട്രി

സമ്പൂർണയിൽ പ്രഥമാധ്യാപകന്റെ ലോഗിനിലും സ്കോർ എൻട്രി
നടത്താവുന്നതാണ് .ഇതിനായി സമ്പൂർണയിൽ ലോഗിൻ ചെയ്ത
ഡാഷ്ബോർഡിലെ സമ്പൂർണ പ്ലസ് ഐക്കൺ ക്ലിക്ക്
ചെയ്ത ചെയ്യാവുന്നതാണ്.

----------------------------------------------------------------